**GAZETTE DATE : 31.12.2025**
**LAST DATE : 04.02.2026**

# CATEGORY NO: 770/2025

Applications are invited online only by One Time Registration exclusively from qualified candidates for selection to the undermentioned post in Kerala Government Service.

1. **Department** : **Local Self Government (Electricity Wing of Thrissur Corporation)**
2. **Name of post** : **Sub-Engineer**
3. **Scale of Pay** : **₹ 28855-57220/-**
4. **Number of Vacancies** : **District-wise**

| District | No. of Vacancies |
|---|---|
| **Thrissur** | **Anticipated Vacancies** |

**Note**:

i. Candidates shall apply online only by One Time Registration to www.keralapsc.gov.in. Applications submitted in any other manner will be summarily rejected.

ii. Separate Ranked List will be prepared for Thrissur District in pursuance of this notification. The Ranked List thus prepared and published by the Commission shall remain in force for a minimum period of one year provided that the said list will continue to be in force till the publication of a new list after the expiry of the minimum period of one year or till the expiry of three years whichever is earlier. Candidates will be advised for appointment against vacancies reported during the currency of the list. In case no candidate is advised from the Ranked list till the expiry of the period of three years, the duration of the Ranked List shall be extended for a further period of one year or till atleast one candidate is advised from the list, whichever is earlier.

iii. Candidates should submit application for the post to the above district and should note the name of the district against the relevant column in the Online application.

5. **Method of appointment** : **Direct Recruitment**

6. **Age Limit** : **18-36**. Only Candidates born between 02.01.1989 and 01.01.2007 (both dates included) are eligible to apply for this post with usual age relaxation to candidates belonging to Scheduled Castes, Scheduled Tribes and Other Backward Classes.

**Note:** For concessions allowed in upper age limit, subject to the condition that the maximum age limit shall in no case exceed 50 (fifty) years, please see para (2) of the General Conditions under Part II of the Gazette Notification.

7. **Qualifications**:

**(i)** SSLC or its equivalent

and

**(ii)** (a) Diploma in Electrical Engineering of a recognised Institution after 3 years of course of study

or

(b) Diploma in Electronics and Communication Engineering of a recognised Institution after 3 years of course of study

or

(c) Certificate in Electrical Engineering from any one of the recognised Technical School shown below with 5 years experience under the Kerala State Electricity Board or the Electrical Wing of the Thrissur Corporation

1. City and Guilds London: Examination in Electrical Engineering in A/C and D/C of Intermediate or final Grade

2. Krishna Rajendra Technological Institute (2 years course)

3. SMT School Overseers- Certificate in Electrical & Mechanical Engineering (2 years course)

4. Certificate in Electrical Engineering of the Engineering College, Thiruvananthapuram or Technological Institute, Thrissur or equal course (2 years)

5. Certificate in Electrical Engineering CNT Institute, Chennai (2 years course)

6. Certificate obtained from PSG Institute, Coimbatore (2 years course)

7. Electricians course Certificate, College of Engineering Kolkata (2 years Course)

8. Certificate in Electrical Wiring of the Industrial School Kozhikode

9. M.G.T.E/ K.G.T.E Group Certificate in (Electrical Engineering) four subjects Viz. Electrical Light and Power (Higher), Applied Mechanics (Lower), Heat Engines (Lower), Machine Drawing (Lower)

10. Departmental 3 years Apprentice Course Training and pass in the final examination

11. Craftsmanship Certificate from Industrial Training Centre as Electrician, Wireman or Lineman

12. Certificate of grade II proficiency test in the Trade of Electrician under Technical Training Scheme (Demob)

or

(d) M.G.T.E/ K.G.T.E in Electrical Light and Power (Higher) with 5 years experience as Overseer (Electrical) under the Kerala State Electricity Board or the Electrical Wing of the Thrissur Corporation.

**Note:**

Rule 10 (a) ii of K.S.&S.S.R. Part II is applicable for this post.

In addition to the qualifications prescribed in this notification, the qualifications recognized by Executive Orders/ Standing Orders of Government as equivalent to the qualifications specified for the post, in the Special Rules or found acceptable by the Commission in cases where acceptance of equivalent qualifications is provided for in the rules and such of those qualifications which pre-suppose the acquisition of the lower qualification prescribed for the post, shall also be sufficient for the post. The copy of Government Orders declaring equivalent/ higher qualifications shall be produced as and when called for by the Commission.

**8. Method of Submitting Applications**:

**a.** Candidates must register as per “ONE TIME REGISTRATION” with the official Website of Kerala Public Service Commission '**www.keralapsc.gov.in'** before applying for the post. Candidates who

have already registered can apply by logging on to their profile using their User ID and Password. Candidates must click on the **'Apply Now'** button of the respective posts in the Notification Link to apply for a post. Candidates who are creating profile newly, should upload photograph taken within the last six months from the date of their registration. Name of the candidate and the date of photograph taken should be printed legibly at the bottom portion of the photograph uploaded. The photograph once uploaded meeting all requirements shall be valid for 10 years from the date of photograph taken. There is no change in other instructions regarding the uploading of photographs. No application fee is required. Candidates are responsible for the correctness of the personal information and secrecy of password. Before the final submission of the application on the profile, candidates must ensure correctness of the information in their profile. They must quote the User ID for further communication with the Commission. Application submitted is provisional and cannot be deleted or altered after submission. **Candidates are advised to keep a printout or soft copy of the online application for future reference. Candidates can take the printout of the application by clicking on the link 'My applications' in their profile. All correspondences with the Commission, regarding the application should be accompanied with the print out of the application. A**pplication will be summarily rejected if non-compliance with the notification is found in due course of processing. Original documents to prove qualification, age, community etc. have to be produced as and when called for.

**b. Candidates who have AADHAAR card should add AADHAAR card as Identity Proof in their profile.**

**9. Last date of receipt of applications**: **04.02.2026 Wednesday up to 12 midnight.**

**10. Website to which applications are to be submitted**: www.keralapsc.gov.in

**11.** If Written/ OMR/ Online Test is conducted as part of this selection, candidates shall submit a confirmation for writing the examination through their One Time Registration profile. Such candidates alone can generate and download the Admission Tickets in the last 15 days till the date of Test. The applications of candidates who do not submit confirmation within the stipulated period, will be rejected absolutely. The periods regarding the submission of confirmation and the availability of Admission Tickets will be published in the Examination Programme itself. Information in this regard will be given to the candidates in their profiles and in the mobile phone number registered in it. Candidates who have downloaded the Admission Ticket will alone be permitted to attend the examination.

**12. Special Instructions to candidates:**

i. In the case of difference in Caste/ Community claimed in the application and that entered in SSLC Book, the candidate shall produce a gazette notification in this regard, along with Non-Creamy Layer Certificate/ Community Certificate at the time of Certificate Verification.

ii. Candidates are required to acquaint themselves with the instructions given in the notification as Part II, General Conditions before submitting application for the post. Applications which are not submitted in accordance with the terms and conditions laid down in the General Conditions are liable to be rejected.

iii. Appropriate disciplinary action as per Rule 22 of the Kerala Public Service Commission Rules of Procedure, 1976 shall be initiated against those candidates who submit applications with bogus claims of qualification regarding education, experience etc. and are liable to be disqualified for being considered for a particular post or debarment from applying to the Commission either permanently or for any period or the invalidation of their answer scripts or products in a Written/ Practical test or the initiation of criminal or other proceedings against them or their removal or dismissal from office or the ordering of any other disciplinary action against them if they have already been appointed, or any one or more of the above.

**(For details, including photo, ID Proof etc. please see the General Conditions given below as Part II of this Notification)**

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**

# കാറ്റഗറി നമ്പർ : 770/2025

കേരള സർക്കാർ സർവ്വീസിൽ താഴെ പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്ന് ഓൺലൈനായി അപേക്ഷകൾ ക്ഷണിക്കുന്നു.

1. **വകുപ്പ്** : **തദ്ദേശ സ്വയംഭരണം (തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗം)**

2. **ഉദ്യോഗപ്പേര്** : **സബ്-എഞ്ചിനിയർ**

3. **ശമ്പളം** : **₹ 28855-57220/-**

4. **ഒഴിവുകളുടെ എണ്ണം** : **ജില്ലാടിസ്ഥാനത്തിൽ**

| ജില്ല | ഒഴിവുകളുടെ എണ്ണം |
|---|---|
| **തൃശ്ശൂർ** | **പ്രതീക്ഷിത ഒഴിവുകൾ** |

**കുറിപ്പ്:**

i. അപേക്ഷകൾ കമ്മീഷന്റെ വെബ്സൈറ്റായ www.keralapsc.gov.in വഴി ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. അല്ലാതെയുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

ii. ഈ വിജ്ഞാപന പ്രകാരം തൃശ്ശൂർ ജില്ലയിലേയ്ക്ക് പ്രത്യേക റാങ്ക് പട്ടിക തയ്യാറാക്കുന്നതായിരിക്കും. അപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിന് ശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക്ക് പ്രസ്തുത ലിസ്റ്റിൽ നിന്ന് നിയമനം നടത്തുന്നതാണ്. റാങ്ക് ലിസ്റ്റ് നിലവിലിരിക്കുന്ന പരമാവധി മൂന്ന് വർഷത്തിനുള്ളിൽ പ്രസ്തുത ലിസ്റ്റിൽ നിന്ന് ഒരു ഉദ്യോഗാർത്ഥി പോലും നിയമന ശിപാർശ ചെയ്യപ്പെടുന്നില്ല എങ്കിൽ, ആ റാങ്ക് ലിസ്റ്റിന്റെ കാലാവധി ഒരു വർഷം കൂടിയോ ഒരാളെയെങ്കിലും നിയമന ശിപാർശ ചെയ്യപ്പെടുന്നതുവരെയോ, ഏതാണോ ആദ്യം അതുവരെ ദീർഘിപ്പിക്കുന്നതാണ്.

iii. ഈ വിജ്ഞാപന പ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് ഓൺലൈൻ അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

5. **നിയമന രീതി** : **നേരിട്ടുള്ള നിയമനം.**

6. **പ്രായപരിധി** : **18-36.** ഉദ്യോഗാർത്ഥികൾ 02.01.1989-നും 01.01.2007-നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റു പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും, പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത വയസ്സ് ഇളവ് ഉണ്ടായിരിക്കുന്നതാണ്.

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടുള്ളതല്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ പാർട്ട് II-ലെ പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 നോക്കുക.

7. **യോഗ്യതകൾ:**

(I) എസ്.എസ്.എൽ.സി. അല്ലെങ്കിൽ തത്തുല്യ യോഗ്യതയും,

(II) (a) ഒരു അംഗീകൃത സ്ഥാപനത്തിൽ നിന്നും മൂന്ന് വർഷത്തെ പഠനകോഴ്സിലൂടെ നേടിയ ഡിപ്ലോമ ഇൻ ഇലക്ട്രിക്കൽ എഞ്ചിനിയറിംഗ്.

അല്ലെങ്കിൽ

(b) ഒരു അംഗീകൃത സ്ഥാപനത്തിൽ നിന്നും മൂന്ന് വർഷത്തെ പഠനകോഴ്സിലൂടെ നേടിയ ഡിപ്ലോമ ഇൻ ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനിയറിംഗ്.

അല്ലെങ്കിൽ

(c) ചുവടെ കാണിച്ചിട്ടുള്ള ഏതെങ്കിലും ഒരു അംഗീകൃത ടെക്നിക്കൽ സ്കൂളിൽ നിന്ന് നേടിയ ഇലക്ട്രിക്കൽ എഞ്ചിനിയറിംഗ് സർട്ടിഫിക്കറ്റും കേരള സംസ്ഥാന വൈദ്യുതി ബോർഡിലോ തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിംഗിലോ 5 വർഷത്തെ പരിചയവും.

1. സിറ്റി ആന്റ് ഗിൽഡ്സ് ലണ്ടൻ: എ/സി യും ഡി/സി യുമുള്ള ഇന്റർമീഡിയേറ്റോ ഫൈനൽ ഗ്രേഡോ ഇലക്ട്രിക്കൽ എഞ്ചിനിയറിംഗ് പരീക്ഷ

2. കൃഷ്ണ രാജേന്ദ്ര ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് (2 വർഷ കോഴ്സ്)

3. എസ് എം ടി സ്കൂൾ ഓവർസിയേഴ്സ്– ഇലക്ട്രിക്കൽ & മെക്കാനിക്കൽ എഞ്ചിനിയറിംഗ് സർട്ടിഫിക്കറ്റ് (2 വർഷ കോഴ്സ്)

4. തിരുവനന്തപുരം എഞ്ചിനിയറിംഗ് കോളേജിലെയോ തൃശ്ശൂർ ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെയോ ഇലക്ട്രിക്കൽ എഞ്ചിനിയറിംഗ് സർട്ടിഫിക്കറ്റോ സമാന കോഴ്സോ (2 വർഷം)

5. ചെന്നൈ സി എൻ ടി ഇൻസ്റ്റിറ്റ്യൂട്ടിലെ ഇലക്ട്രിക്കൽ എഞ്ചിനിയറിംഗ് സർട്ടിഫിക്കറ്റ് (2 വർഷ കോഴ്സ്)

6. കൊയമ്പത്തൂർ പി എസ് ജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് നേടിയ സർട്ടിഫിക്കറ്റ് (2 വർഷ കോഴ്സ്)

7. കോൽക്കത്ത കോളേജ് ഓഫ് എഞ്ചിനിയറിംഗിൽ നിന്നുള്ള ഇലക്ട്രീഷ്യൻസ് കോഴ്സ് സർട്ടിഫിക്കറ്റ് (2 വർഷ കോഴ്സ്)

8. കോഴിക്കോട് ഇൻഡസ്ട്രിയൽ സ്കൂളിലെ ഇലക്ട്രിക്കൽ വയറിംഗ് സർട്ടിഫിക്കറ്റ്

9. ഇലക്ട്രിക്കൽ ലൈറ്റ് ആന്റ് പവർ (ഹയർ), അപ്ലൈഡ് മെക്കാനിക്സ് (ലോവർ), ഹീറ്റ് എഞ്ചിൻസ് (ലോവർ), മെഷീൻ ഡ്രോയിംഗ് (ലോവർ) എന്നീ നാല് വിഷയങ്ങളിൽ എം.ജി.ടി.ഇ/ കെ.ജി.ടി.ഇ ഗ്രൂപ്പ് സർട്ടിഫിക്കറ്റ് (ഇലക്ട്രിക്കൽ എഞ്ചിനിയറിംഗ്)

10. 3 വർഷ ഡിപ്പാർട്ട്മെന്റൽ അപ്രന്റീസ് കോഴ്സ് ട്രെയിനിംഗും ഫൈനൽ പരീക്ഷയിൽ പാസ്സും

11. ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററിൽ നിന്ന് ഇലക്ട്രീഷ്യൻ ആയോ വയർമാൻ ആയോ ലൈൻമാൻ ആയോ ഉള്ള ക്രാഫ്റ്റ്സ്മാൻഷിപ് സർട്ടിഫിക്കറ്റ്

12. ടെക്നിക്കൽ ട്രെയിനിംഗ് സ്കീം (ഡീമോബ്) നു കീഴിലുള്ള ഇലക്ട്രീഷ്യൻ ട്രേഡിലുള്ള ഗ്രേഡ് II പ്രൊഫിഷ്യൻസി ടെസ്റ്റ് സർട്ടിഫിക്കറ്റ്

അല്ലെങ്കിൽ

(d) ഇലക്ട്രിക്കൽ ലൈറ്റ് ആന്റ് പവർ (ഹയർ) ലുള്ള എം.ജി.ടി.ഇ/ കെ.ജി.ടി.ഇ യും കേരള സംസ്ഥാന വൈദ്യുതി ബോർഡിനു കീഴിലോ തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിംഗിനു കീഴിലോ ഓവർസിയർ (ഇലക്ട്രിക്കൽ) ആയുള്ള 5 വർഷത്തെ പരിചയവും.

**<u>കുറിപ്പ്:</u>**

ഈ തസ്തികയ്ക്ക് കെ. എസ്. & എസ്. എസ്. ആർ. പാർട്ട് II റൂൾ 10 (എ) (ii) ബാധകമാണ്.

ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമേ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ വിശേഷാൽ ചട്ടങ്ങളിലെ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും, വിശേഷാൽ ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന യോഗ്യതകൾക്ക് തത്തുല്യമായി കമ്മീഷൻ നിശ്ചയിക്കുന്ന യോഗ്യതകളും നിർദ്ദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതയായിട്ടുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ/ ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

8. **അപേക്ഷകൾ സമർപ്പിക്കേണ്ട രീതി:**

എ. ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ User ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile-ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ 'Apply Now' ൽ മാത്രം click ചെയ്യേണ്ടതാണ്. പുതിയതായി പ്രൊഫൈൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്യുന്ന തീയതിയ്ക്ക് ആറ് മാസത്തിനുള്ളിൽ എടുത്ത ഫോട്ടോ upload ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് Upload ചെയ്ത ഫോട്ടോയ്ക്ക്, ഫോട്ടോ എടുത്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷാസമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/ print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മിഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനവ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

ബി. **ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.**

9. **അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: 04.02.2026 ബുധനാഴ്ച രാത്രി 12 മണി വരെ**

10. **അപേക്ഷ സമർപ്പിക്കേണ്ട വെബ്സൈറ്റ്:** www.keralapsc.gov.in

11. ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ ഒ.എം.ആർ./ ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാ തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ പ്രോഗ്രാമിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പരിലും നൽകുന്നതാണ്. അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്ത ഉദ്യോഗാർത്ഥികൾക്ക് മാത്രമേ പരീക്ഷ എഴുതുന്നതിനുള്ള അനുവാദം ഉണ്ടായിരിക്കുകയുള്ളൂ.

12. **ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദേശങ്ങൾ:**

i. ഉദ്യോഗാർത്ഥി അപേക്ഷയിൽ അവകാശപ്പെട്ട ജാതി/ സമുദായം എസ്.എസ്.എൽ.സി. ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്നും വ്യത്യസ്തമാണെങ്കിൽ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്/ ജാതി സർട്ടിഫിക്കറ്റിനോടൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണപരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

ii. ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ കൂടി വായിച്ചു മനസ്സിലാക്കിയശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. പൊതു വ്യവസ്ഥകൾക്കു വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

iii. വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ, 1976, റൂൾ 22 പ്രകാരം ഏതൊരു ജോലിയ്ക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേയ്ക്ക് പരിഗണിയ്ക്കപ്പെടുന്നതിന്

അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്ത് പരീക്ഷയിലെ ഉത്തര കടലാസുകളോ അസാധുവാക്കുകയോ, അവരുടെ മേൽ നിയമ നടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ്സ് ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ/ നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്.

**(ഫോട്ടോ, തിരിച്ചറിയൽ രേഖ ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്ക് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് ചേർത്തിരിക്കുന്ന പൊതുവ്യവസ്ഥകൾ നിർബന്ധമായി വായിച്ചു നോക്കുക).**

|സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ